**File No.FWLD-B1/44/2020-FWLD**

**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം **നം.2378**

**12.03.2020 -ൽ** മറുപടിയ്ക്ക്

**കാട്ടുതീ പ്രതിരോധത്തിന്റെ മറവിൽ അഴിമതി നടക്കുന്നതായ ആക്ഷേപം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള ഫയർ ലൈൻ നിർമ്മാണത്തിന്റെ മറവിൽ വനം വകുപ്പിൽ വൻ അഴിമതി നടക്കുന്നതായുള്ള ആക്ഷേപം പരിശോധിക്കുകയുണ്ടായോ; | (എ) ഈ വർഷം എറണാകുളം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷനിൽ, മലയാറ്റൂർ ഡിവിഷനിലെ വിവിധ റെയിഞ്ചുകളിൽ ഫയർ ലൈൻ നിർമ്മാണത്തിൽ അഴിമതി നടത്തുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച ഒരു പരാതിയിലെ ആരോപണങ്ങൾ അന്വേഷിക്കുകയും ആക്ഷേപങ്ങൾ അടിസ്ഥാന രഹിതമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പാലക്കാട് ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷന്റെ പരിധിയിൽ വരുന്ന മണ്ണാർക്കാട് ഡിവിഷനിൽ 2018-19 വർഷത്തെ ഫയർ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു പരാതിയിലെ ആരോപണങ്ങൾ വിശദമായി അന്വേഷിക്കുകയുണ്ടായെങ്കിലും ആയത് തെളിയിക്കുന്നതിന് ആവശ്യമായ തെളിവുകളൊന്നും ലഭിക്കുകയുണ്ടായിട്ടില്ല. മറ്റു ഡിവിഷനുകളുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടില്ല. |
| (ബി) ഒരു കിലോമീറ്റർ ഫയർലൈൻ നിർമ്മാണത്തിന് ഏകദേശം | (ബി) ഫയർലൈൻ ജോലികളുടെ നിർമ്മാണത്തിനായി Forest Survey Report – ലെ Item No. 48 ഉം |

| | | | |
|---|---|---|---|
| | എത്ര രൂപയാണ് വനം വകുപ്പ് നൽകുന്നത്; എന്തൊക്കെ പ്രവൃത്തികളാണ് പ്രസ്തുത തുകയ്ക്ക് നിർവ്വഹിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | | 18..07..2019 - ലെ GO (P) No. 65/2019/Lbr പ്രകാരവും 5.2 മീറ്റർ വീതിയിൽ ബൗണ്ടറി ക്ളിയർ ചെയ്യുന്നതിന് 20 മാൻ മസ്‌ദൂറും, ഫയർ ട്രെയിനിംഗിനായി 20 മാൻ മസ്‌ദൂറും അടക്കം അനുവദിക്കപ്പെടുന്ന സ്ഥലങ്ങളിലെ Variable Dearness Allowance (VDA) ഉൾപ്പെടെ 30,000/- രൂപ മുതൽ 40,000 രൂപ വരെയാണ് ഒരു കിലോ മീറ്റർ ഫയർ ലൈനിന് അനുവദിക്കാറുള്ളത്. |
| (സി) | കൊറ്റമ്പത്തൂരിൽ തീ പടർന്ന മേഖലയുടെ ഒരു ഭാഗത്തും ഫയർ ലൈൻ സ്ഥാപിച്ചത് കാണാനാകാത്ത സാഹചര്യമുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (സി) | തൃശ്ശൂർ ഡിവിഷനിലെ വടക്കാഞ്ചേരി റെയ്ഞ്ചിൽ ദേശമംഗലം കൊറ്റമ്പത്തൂരിൽ HNL കമ്പനിയ്ക്ക് പാട്ടത്തിന് നൽകിയ അക്കേഷ്യ തോട്ടത്തിലാണ് കാട്ടുതീ ഉണ്ടായത്. യഥാസമയം അടിക്കാട് വെട്ടിതെളിച്ച് ഫയർലൈൻ സ്ഥാപിക്കേണ്ട പ്രവൃത്തി കമ്പനിയാണ് ചെയ്യേണ്ടത്. ആയത് കമ്പനി യഥാസമയം ചെയ്യാതിരുന്നതിനാലാണ് കാട്ടുതീ ഉണ്ടാകാനിടയായത്. കമ്പനി ഫയർ ലൈൻ സ്ഥാപിക്കുകയോ കാട്ടുതീ തടയുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുകയോ ചെയ്യിട്ടില്ല. അതിനാലാണ് കൊറ്റമ്പത്തൂരിൽ തീ പടർന്ന മേഖലയുടെ ഒരു ഭാഗത്തും ഫയർ ലൈൻ സ്ഥാപിച്ചത് കാണാനാകാത്ത സാഹചര്യമുണ്ടായത്. |
| (ഡി) | വനത്തോടടുത്ത് താമസിക്കുന്നവർക്കും വനസംരക്ഷണ സമിതി അംഗങ്ങളായവർക്കും ഫയർലൈൻ നിർമ്മാണ ചുമതല | (ഡി) | കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് സംസ്ഥാന മുഖ്യവനമേധാവിയുടെ 24..12..2019 -ലെ 12/19 നമ്പർ സർക്കുലർ പ്രകാരം 50 ശതമാനം അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ |

| | | |
|---|---|---|
| | നൽകണമെന്ന് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ടോ; എന്നാൽ ഇതിനുവിരുദ്ധമായി വനം വകുപ്പ് ബിനാമി കരാറുകാരെ രംഗത്തിറക്കി പദ്ധതി അട്ടിമറിച്ച് തുക കൊള്ളയടിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | പങ്കാളിത്ത വന പരിപാലന തത്ത്വമനുസരിച്ച് വനസംരക്ഷണ സമിതി / ഇക്കോ ഡവലപ്പ്മെന്റ് കമ്മറ്റി മുഖാന്തിരം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഫയർ ലൈൻ ജോലികൾ വനസംരക്ഷണ സമിതികൾ മുഖാന്തിരവും ചെയ്തു വരുന്നുണ്ട്. വനസംരക്ഷണ സമിതികൾക്ക് പ്രവൃത്തി നടത്താൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിലും വനസംരക്ഷണ സമിതികൾ ഇല്ലാത്ത ചില സ്ഥലങ്ങളിലും സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ ചെയ്ത് കരാറുകാർ മുഖേനയാണ് ഫയർ ലൈൻ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. എന്നാൽ ഇതിനു വിരുദ്ധമായി വനം വകുപ്പ് ബിനാമി കരാറുകാരെ രംഗത്തിറക്കി പദ്ധതി അട്ടിമറിച്ച് തുക കൊള്ളയടിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ഇ) | എങ്കിൽ കാട്ടുതീ തടയുന്നതിന് സർക്കാർ ചെലവഴിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നതിനും അഴിമതിയുടെ പഴുതുകൾ അടച്ചുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ ചട്ടങ്ങൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) സർക്കാർ ചെലവഴിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നത് ചട്ട പ്രകാരമായതിനാൽ നിലവിൽ പുതിയ ചട്ടങ്ങൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യമുള്ളതായി കാണുന്നില്ല. |

Praveen
സെക്ഷൻ ഓഫീസർ